# പ്രധാനമന്ത്രി ഖത്തർ അമീറുമായി കൂടിക്കാഴ്ച നടത്തി

ഫെബ്രുവരി 15, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഖത്തർ അമീർ ഹമദ് ബിൻ ഖാലിഫ അൽ താനിയുമായി ദോഹയിൽ കൂടിക്കാഴ്ച നടത്തി.

2. കഴിഞ്ഞ പതിറ്റാണ്ടുകളിൽ ഖത്തറിന്റെ വികസനത്തിന് വഴി തെളിച്ച ദീർഘ വീക്ഷണമുള്ള അമീറിന്റെ നേതൃത്വത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

3. പ്രാദേശിക, ആഗോള വികസനങ്ങൾ സംബന്ധിച്ച ഉൾക്കാഴ്ചയുള്ള നിരീക്ഷണങ്ങൾക്ക് പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ആദരം അറിയിച്ചു.

4. പരസ്പര വിശ്വാസത്തിലും സഹകരണത്തിലും ഊന്നിയുള്ള അചഞ്ചലമായ ബന്ധമാണ് ഇന്ത്യയും ഖത്തറും പങ്കിടുന്നതെന്ന് അമീർ പറഞ്ഞു. ഖത്തറിന്റെ വികസനത്തിലും ഉഭയകക്ഷി പങ്കാളിത്തം വളർത്തുന്നതിലും ഇന്ത്യൻ സമൂഹത്തിന്റെ പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു.

**ദോഹ**
**ഫെബ്രുവരി 15, 2024**